**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2041** **01-09-2022 - ൽ മറുപടിയ്ക്ക്**

**സ്വർണക്കടത്ത് സംഘങ്ങൾ തമ്മിലുള്ള സംഘർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്വർണക്കടത്ത് സംഘങ്ങൾ തമ്മിലുള്ള സംഘർഷത്തിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റവാളികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | സ്വർണ്ണക്കടത്ത് സംഘങ്ങൾ തമ്മിലുള്ള സംഘർഷത്തിൽ ആരും കൊല്ലപ്പെടുകയോ, സംഘർഷത്തെ തുടർന്ന് മറ്റ് ആക്രമണങ്ങളോ ഉണ്ടായതായി റിപ്പോർട്ടില്ല. |
| (ബി) | സ്വർണക്കടത്തുമായി ബന്ധപ്പെട്ട് എത്ര പേരെ കാണാതായിട്ടുണ്ടെന്നും അതിൽ എത്ര പേരെ ജീവനോടെ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | 7 പേരെ കാണാതായതിൽ 5 പേരെ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | സ്വർണക്കടത്തുമായി ബന്ധപ്പെട്ട് എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റവാളികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്നും ഇനി എത്ര പേരെ കണ്ടെത്തുവാനുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് 2 കേസുകളിലായി 2 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ഈ കേസുകളിൽ 32 പേർ പ്രതികളാണ്. 23 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ